# പതിനാറാം കേരള നിയമസഭ

ഒന്നാം സമ്മേളനം

# ബുള്ളറ്റിൻ—ഭാഗം I

(നിയമസഭാ നടപടികളുടെ സംക്ഷിപ്ത വിവരണം)

2026 ജൂൺ 23, ചൊവ്വ

**നമ്പർ 9**

രാവിലെ 9.00 മണിക്ക് സ്പീക്കറുടെ അധ്യക്ഷതയിൽ നിയമസഭ സമ്മേളിച്ചു.

ചോദ്യങ്ങൾ :

മറുപടി പറയാൻ നിശ്ചയിച്ചിരുന്ന ചോദ്യങ്ങളിൽ നാല് ചോദ്യങ്ങൾ സഭയിൽ ചോദിക്കുകയും അവയ്ക്ക് വാങ്മൂലം മറുപടി നൽകുകയും ചെയ്തു.

ഗവർണ്ണറുടെ സന്ദേശം :

2026 ജൂൺ 4-ന് സഭ അംഗീകരിച്ച നന്ദി രേഖപ്പെടുത്തുന്നതിനുള്ള ഉപക്ഷേപത്തിന് ഗവർണ്ണർ നൽകിയ മറുപടി സ്പീക്കർ സഭയെ അറിയിച്ചു.

നടപടികൾ നിർത്തിവയ്ക്കുന്നതിനുള്ള ഉപക്ഷേപം (റൂൾ 50) :

സംസ്ഥാനത്ത് മദ്യ ഉപഭോഗം വർദ്ധിപ്പിക്കാനും യുവതലമുറയെയടക്കം മദ്യപാന ശീലത്തിനും ലഹരിക്കും അടിമകളാക്കാൻ മാത്രം ഉപകരിക്കുന്നതുമായ മദ്യത്തിന് നികുതി ഇളവ് നൽകാനുള്ള സർക്കാരിന്റെ നടപടികൾ ജനങ്ങളിൽ സൃഷ്ടിച്ച കടുത്ത ആശങ്ക സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് ശ്രീ. കെ. എൻ. ബാലഗോപാലും മറ്റൊരംഗവും നടപടികൾ നിർത്തിവയ്ക്കുന്നതിനുള്ള ഒരു ഉപക്ഷേപത്തിന് നോട്ടീസ് നൽകിയിരുന്നു. നടപടികൾ നിർത്തിവയ്ക്കുന്നതിനുള്ള ഉപക്ഷേപത്തിന് സ്പീക്കർ അവതരണാനുമതി നിഷേധിച്ചു. ഇക്കാര്യത്തിൽ അനുവർത്തിച്ച നിലപാടിൽ പ്രതിഷേധിച്ച് പ്രതിപക്ഷ കക്ഷികളിൽപ്പെട്ട അംഗങ്ങൾ സഭയിൽ ബഹളം വയ്ക്കുകയും സഭാനടപടികൾ തടസപ്പെടുത്താൻ ശ്രമിക്കുകയും ചെയ്തു.

ശ്രദ്ധ ക്ഷണിക്കൽ :

(1) സംസ്ഥാനത്ത് ജില്ലാ, പ്രാദേശിക തലത്തിലുള്ള വികസന അസമത്വം പരിഹരിക്കേണ്ടതിന്റെയും വിദ്യാഭ്യാസ, ആരോഗ്യ, ഗതാഗത മേഖലകളിൽ ജനസംഖ്യാനുപാതത്തിലുള്ള വിഭവ വിതരണം ഉറപ്പാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതിന്റെയും ആവശ്യകതയിലേയ്ക്ക് ശ്രീ. ടി. വി. ഇബ്രാഹിം മുഖ്യമന്ത്രിയുടെ ശ്രദ്ധ ക്ഷണിച്ചു. മുഖ്യമന്ത്രി അത് സംബന്ധിച്ച് ഒരു പ്രസ്താവന നടത്തി.

(പ്രതിപക്ഷ കക്ഷികളിൽപ്പെട്ട അംഗങ്ങൾ സഭയിൽ നിന്നിറങ്ങിപ്പോയി. കാര്യവിവര പട്ടികയിലെ രണ്ടാമത്തെ ശ്രദ്ധ ക്ഷണിക്കൽ അവതരിപ്പിക്കപ്പെട്ടില്ല )

ചട്ടം 304 പ്രകാരമുള്ള വിഷയങ്ങൾ:

ചട്ടം 304 പ്രകാരം താഴെ പറയുന്ന വിഷയങ്ങൾ അംഗങ്ങൾ സഭയിൽ ഉന്നയിച്ചു.

| നം. | അംഗം | വിഷയം | വകുപ്പ് മന്ത്രി |
|---|---|---|---|
| 1. | ശ്രീ. ടി. പി. അഷ്റഫലി | സാമൂഹ്യ ക്ഷേമ പെൻഷൻ ലഭിക്കാനുള്ള മാനദണ്ഡങ്ങൾ കാലോചിതമായി പരിഷ്ക്കരിക്കേണ്ടതിന്റെ ആവശ്യകത സംബന്ധിച്ച് | മുഖ്യമന്ത്രി |
| 2. | ശ്രീ. റെജി ചെറിയാൻ | മൂലം വള്ളംകളിക്ക് പ്രാദേശിക അവധി അനുവദിക്കാൻ നടപടി | മുഖ്യമന്ത്രി |
| 3. | ശ്രീ. പാറക്കൽ അബ്ദുല്ല | കുറ്റ്യാടി നിയോജകമണ്ഡലത്തിലെ നാളികേര വികസന പാർക്ക് യാഥാർത്ഥ്യമാക്കുന്നതിന് അടിയന്തര നടപടി | വ്യവസായ - വിവര സാങ്കേതികവിദ്യ വകുപ്പ് മന്ത്രി |
| 4. | ശ്രീമതി ഗീതാഗോപി | നാട്ടിക മണ്ഡലത്തിൽ പെരിങ്ങോട്ടുകര പോലീസ് സ്റ്റേഷൻ അനുവദിക്കുന്നത് സംബന്ധിച്ച് | ആഭ്യന്തര - വിജിലൻസ്, കയർ വകുപ്പ് മന്ത്രി |
| 5. | ശ്രീമതി ഉഷ വിജയൻ | വയനാട് ജില്ലയിൽ മാനന്തവാടി സർക്കാർ മെഡിക്കൽ കോളേജ് നിർമ്മാണത്തിനായി സ്ഥലം ലഭ്യമാക്കുന്നത് സംബന്ധിച്ച് | ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി |
| 6. | ശ്രീ. യു. ആർ. പ്രദീപ് | ചേലക്കര നിയോജകമണ്ഡലത്തിലെ വനാതിർത്തി പ്രദേശങ്ങളിലെ കാട്ടാന ശല്യം സംബന്ധിച്ച് | വനം, വന്യജീവി - നൈപുണ്യ വികസന വകുപ്പ് മന്ത്രി |

| 1 | 2 | 3 | 4 |
|---|---|---|---|
| 7. | ശ്രീ. സെബാസ്റ്റ്യൻ എം. ജെ. | പൂഞ്ഞാർ മണ്ഡലത്തിലെ പമ്പാവാലി - എയ്ഞ്ചൽ വാലി പ്രദേശങ്ങൾ പെരിയാർ ടൈഗർ റിസർവിൽ നിന്ന് ഒഴിവാക്കാൻ നടപടി | വനം, വന്യജീവി-നൈപുണ്യ വികസന വകുപ്പ് മന്ത്രി |
| 8. | ശ്രീ. ആര്യാടൻ ഷൗക്കത്ത് | മലപ്പുറം - വയനാട് ജില്ലകളെ ബന്ധിപ്പിക്കുന്ന നിർദിഷ്ട നിലമ്പൂർ - മുണ്ടേരി - മേപ്പാടി മലയോര ഹൈവേ യാഥാർഥ്യമാക്കുവാൻ നടപടി | പൊതുമരാമത്ത് വകുപ്പ് മന്ത്രി |
| 9. | ശ്രീ. പി. പി. സുമോദ് | തരൂർ നിയോജക മണ്ഡലത്തിലെ കഴനി - പഴമ്പാലക്കോട് റോഡ് നിർമ്മാണ പ്രവൃത്തി പുനരാരംഭിക്കാൻ നടപടി | പൊതുമരാമത്ത് വകുപ്പ് മന്ത്രി |
| 10. | ശ്രീ. കെ. പ്രേമൻ | നെന്മാറ – ഒലിപ്പാറ റോഡ് നവീകരണം അടിയന്തരമായി പൂർത്തീകരിക്കുന്നതിന് നടപടി | പൊതുമരാമത്ത് വകുപ്പ് മന്ത്രി |

അതത് വിഷയം സംബന്ധിച്ച് ബന്ധപ്പെട്ട മന്ത്രിമാർ പ്രസ്താവന നടത്തി.

<u>മേശപ്പുറത്തു വച്ച കടലാസ്സുകൾ:</u>

താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്ത് വച്ചു:

ഭരണഘടനയുടെ അനുച്ഛേദം 151 (2) പ്രകാരം

| ക്രമ നം. | സ്ഥാപനം | റിപ്പോർട്ട് | | കാലതാമസ പത്രിക |
|---|---|---|---|---|
| | | വർഷം | പേര് | |
| 1. | കംപ്ട്രോളർ ആൻഡ് ഓഡിറ്റർ ജനറൽ ഓഫ് ഇന്ത്യ | 2023-24 | 2024 മാർച്ചിൽ അവസാനിച്ച കാലയളവിലെ സംസ്ഥാന റവന്യൂവിനെക്കുറിച്ചുള്ള കംപ്ട്രോളർ ആൻഡ് ഓഡിറ്റർ ജനറലിന്റെ (അനുവർത്തന ഓഡിറ്റ്- സിവിൽ) റിപ്പോർട്ട് (2026-ലെ 2-ാം നമ്പർ റിപ്പോർട്ട്) | ബാധകമല്ല |

| | | | | |
|---|---|---|---|---|
| 2. | കംപ്ട്രോളർ ആൻഡ് ഓഡിറ്റർ ജനറൽ ഓഫ് ഇന്ത്യ | 2024-25 | 2025 മാർച്ചിൽ അവസാനിച്ച വർഷത്തെ കേരള സംസ്ഥാന സമ്പദ്‌വ്യവസ്ഥയെക്കുറിച്ചുള്ള കംപ്ട്രോളർ & ഓഡിറ്റർ ജനറലിന്റെ ഓഡിറ്റ് റിപ്പോർട്ട് (2026-ലെ 1-ാം നമ്പർ റിപ്പോർട്ട്) | ബാധകമല്ല |

ധനകാര്യം :

2026-27 സാമ്പത്തിക വർഷത്തേക്കുള്ള പുതുക്കിയ ബജറ്റിനെ സംബന്ധിച്ച പൊതു ചർച്ച പുനരാരംഭിച്ചു. താഴെപ്പറയുന്ന അംഗങ്ങൾ ചർച്ചയിൽ പങ്കെടുത്തു.

ശ്രീ. സനീഷ്കുമാർ ജോസഫ്

ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി

ശ്രീ. എം. എ. റസാഖ് മാസ്റ്റർ

ശ്രീ. മുഹമ്മദ് മുഹസിൻ

ശ്രീ. അപ്പു ജോൺ ജോസഫ്

ശ്രീ. വി. മുരളീധരൻ

ശ്രീ. ഉല്ലാസ് കോവൂർ

ശ്രീ. ടി. കെ. ഗോവിന്ദൻ മാസ്റ്റർ

ശ്രീ. ടി. ഒ. മോഹനൻ

ശ്രീ. എഫ്. രാജ

ശ്രീ. നീലകണ്ഠൻ

ശ്രീ. സി. കെ. ഹരീന്ദ്രൻ

ശ്രീ. പി. എം. എ. സമീർ

ശ്രീ. സിറിയക് തോമസ്

ശ്രീ. മനോജ് മൂത്തേടൻ

ശ്രീ. റെജി ചെറിയാൻ

ശ്രീ. എ. പ്രഭാകരൻ

ശ്രീമതി വിദ്യാ ബാലകൃഷ്ണൻ

ശ്രീ. സുധീർഷാ പാലോട്

ശ്രീ. കല്ലട മാഹിൻ

ശ്രീ. ജി. സ്റ്റീഫൻ

ശ്രീ. വി. ടി. സൂരജ്

ശ്രീ. കെ. എം. അഭിജിത്ത്

ശ്രീ. ഷിബു തെക്കുംപുറം

ശ്രീ. ഫൈസൽ ബാബു

ശ്രീ. സജി ചെറിയാൻ

ശ്രീ. വി. എസ്. ജോയി

ചർച്ച പൂർത്തിയായില്ല.

സ്പീക്കറുടെ റൂളിംഗ് :

ശ്രദ്ധ ക്ഷണിക്കൽ, സബ്മിഷൻ എന്നിവ അവതരിപ്പിക്കുന്നതിനുള്ള അനുമതി നൽകണമെന്ന് പുതുക്കിയ ബജറ്റിന്മേലുള്ള പൊതുചർച്ചക്കിടെ 22-6-2026-ന് ഡെപ്യൂട്ടി സ്പീക്കർ അഭ്യർത്ഥിച്ചിരുന്നു. സ്പീക്കർ പ്രസ്തുത വിഷയത്തിൽ താഴെപ്പറയുന്ന റൂളിംഗ് നൽകി.

"ഡെപ്യൂട്ടി സ്പീക്കർക്ക് ശ്രദ്ധ ക്ഷണിക്കൽ, സബ്മിഷൻ എന്നിവ അവതരിപ്പിക്കാൻ കീഴ്‌വഴക്കങ്ങളുടെ പേരിൽ അവസരം ലഭിക്കുന്നില്ലെന്നും അതനുവദിക്കണമെന്നും ഡെപ്യൂട്ടി സ്പീക്കർ ശ്രീമതി ഷാനിമോൾ ഉസ്മാൻ കഴിഞ്ഞ ദിവസം സഭയിൽ ബജറ്റ് ചർച്ച ആരംഭിച്ചുകൊണ്ട് പ്രസംഗിച്ചപ്പോൾ അഭ്യർത്ഥിച്ചിരുന്നു. സഭാനേതാവായ ബഹു. മുഖ്യമന്ത്രിയിൽനിന്നും പ്രസ്തുത അഭ്യർത്ഥനയ്ക്ക് അനുകൂലമായ പ്രതികരണമാണുണ്ടായത്. ഇതുസംബന്ധിച്ച് 1957 മുതലുള്ള കാര്യം ചെയർ പരിശോധിക്കുകയുണ്ടായി. 1957 മുതൽ 1991 വരെയുള്ള ഡെപ്യൂട്ടി സ്പീക്കർമാരിൽ 1957- 1959-ലെ ഡെപ്യൂട്ടി സ്പീക്കറായിരുന്ന കെ. ഒ. ഐഷാ ബായിയും 1986-87-ൽ ഡെപ്യൂട്ടി സ്പീക്കറായിരുന്ന കൊരമ്പയിൽ അഹമ്മദ് ഹാജിയും ഒഴികെയുള്ള ഡെപ്യൂട്ടി സ്പീക്കർമാർക്ക് സഭയിൽ ശ്രദ്ധ ക്ഷണിക്കൽ, സബ്മിഷൻ എന്നിവ അവതരിപ്പിക്കാൻ അവസരം ലഭിച്ചിരുന്നു.

ഡെപ്യൂട്ടി സ്പീക്കറുടെ ശമ്പളവും അലവൻസുകളും മന്ത്രിമാരുടെ ശമ്പളത്തിന് തുല്യമാക്കിയതിനുശേഷമാണ് 1991 മുതലുള്ള ഡെപ്യൂട്ടി സ്പീക്കർമാർ ഈ അവകാശം

വിനിയോഗിക്കാതെ വന്നത്. കാബിനറ്റ് റാങ്കിലുള്ള ചീഫ് വിപ്പ് നിലവിൽ ഈ അവകാശം ഉപയോഗിക്കുന്നുണ്ട്. ഈ സാഹചര്യത്തിൽ 1991 മുതൽ തുടർന്നുവരുന്ന കൺവെൻഷൻ മാറ്റി ഡെപ്യൂട്ടി സ്പീക്കർക്ക് സഭയിൽ ശ്രദ്ധ ക്ഷണിക്കൽ, സബ്മിഷൻ എന്നിവ അവതരിപ്പിക്കുന്നതിന് അനുവാദം നൽകാൻ ചെയർ തീരുമാനിക്കുന്നു. ഡെപ്യൂട്ടി സ്പീക്കർ അപ്രകാരമുള്ള നോട്ടീസ് നൽകുന്നപക്ഷം അതിന് മുൻഗണന നൽകുന്നതായിരിക്കും."

2025 ജൂൺ 24-ാം തീയതി ചൊവ്വാഴ്ച രാവിലെ 9.00 മണിക്ക് വീണ്ടും സമ്മേളിക്കുന്നതിനായി വൈകുന്നേരം 2.58- ന് സഭ പിരിഞ്ഞു.

ഷാജി സി. ബേബി,
*സെക്രട്ടറി- ഇൻ-ചാർജ്ജ്.*

# SIXTEENTH KERALA LEGISLATIVE ASSEMBLY

First Session

# BULLETIN—PART I

(Brief Record of Proceedings)

*Tuesday, June 23, 2026*

**No. 9**

The Assembly met at 9.00 a.m. with Mr. Speaker in the Chair.

*Questions:*

Four Questions in the list of Questions posted for the day were answered orally.

*Message from the Governor:*

The Speaker reported to the House the Governor's reply to the Motion of Thanks which was adopted by the House on 4th June 2026.

*Adjournment Motion (Rule 50):*

Shri. K. N. Balagopal and one other member had given notice for moving an adjournment motion to discuss the grave public concern over the Government's move to grant tax concessions on liquor, that will only fuel higher alcohol consumption in the State and drive the younger generation to the perils of alcoholism and drug addiction. The speaker disallowed the notice. As a mark of protest against the stand the Members of Opposition made an uproar and tried to disrupt the proceedings of the House.

*Calling Attention :*

1. Shri T. V. Ibrahim called the attention of the Chief Minister to the necessity to address district and regional level developmental inequalities in the State and to take measures to ensure the distribution of resources in education, health and transport sectors in proportion to the population. The Chief Minister made a statement regarding this.

KNPP. 1056/226

(Members belonging to opposition staged a walkout. The second calling attention in the List of Business was not presented.)

*The Matters under Rule 304:*

The matters raised in the House by the Members under Rule 304 are listed below;

| നം. | അംഗം | വിഷയം | വകുപ്പ് മന്ത്രി |
|---|---|---|---|
| 1. | ശ്രീ. ടി. പി. അഷ്റഫലി | സാമൂഹ്യ ക്ഷേമ പെൻഷൻ ലഭിക്കാനുള്ള മാനദണ്ഡങ്ങൾ കാലോചിതമായി പരിഷ്കരിക്കേണ്ടതിന്റെ ആവശ്യകത സംബന്ധിച്ച് | മുഖ്യമന്ത്രി |
| 2. | ശ്രീ. റെജി ചെറിയാൻ | മൂലം വള്ളംകളിക്ക് പ്രാദേശിക അവധി അനുവദിക്കാൻ നടപടി | മുഖ്യമന്ത്രി |
| 3. | ശ്രീ. പാറക്കൽ അബ്ദുല്ല | കുറ്റ്യാടി നിയോജകമണ്ഡലത്തിലെ നാളികേര വികസന പാർക്ക് യാഥാർത്ഥ്യമാക്കുന്നതിന് അടിയന്തര നടപടി | വ്യവസായ - വിവര സാങ്കേതികവിദ്യ വകുപ്പ് മന്ത്രി |
| 4. | ശ്രീമതി ഗീതാഗോപി | നാട്ടിക മണ്ഡലത്തിൽ പെരിങ്ങോട്ടുകര പോലീസ് സ്റ്റേഷൻ അനുവദിക്കുന്നത് സംബന്ധിച്ച് | ആഭ്യന്തര - വിജിലൻസ്, കയർ വകുപ്പ് മന്ത്രി |
| 5. | ശ്രീമതി ഉഷ വിജയൻ | വയനാട് ജില്ലയിൽ മാനന്തവാടി സർക്കാർ മെഡിക്കൽ കോളേജ് നിർമ്മാണത്തിനായി സ്ഥലം ലഭ്യമാക്കുന്നത് സംബന്ധിച്ച് | ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി |
| 6. | ശ്രീ. യു. ആർ. പ്രദീപ് | ചേലക്കര നിയോജകമണ്ഡലത്തിലെ വനാതിർത്തി പ്രദേശങ്ങളിലെ കാട്ടാന ശല്യം സംബന്ധിച്ച് | വനം, വന്യജീവി - നൈപുണ്യ വികസന വകുപ്പ് മന്ത്രി |

| 1 | 2 | 3 | 4 |
|---|---|---|---|
| 7 | ശ്രീ. സെബാസ്റ്റ്യൻ എം. ജെ. | പൂഞ്ഞാർ മണ്ഡലത്തിലെ പമ്പാവാലി - എയ്ഞ്ചൽ വാലി പ്രദേശങ്ങൾ പെരിയാർ ടൈഗർ റിസർവിൽ നിന്ന് ഒഴിവാക്കാൻ നടപടി | വനം, വന്യജീവി-നൈപുണ്യ വികസന വകുപ്പ് മന്ത്രി |
| 8. | ശ്രീ. ആര്യാടൻ ഷൗക്കത്ത് | മലപ്പുറം - വയനാട് ജില്ലകളെ ബന്ധിപ്പിക്കുന്ന നിർദിഷ്ട നിലമ്പൂർ - മുണ്ടേരി - മേപ്പാടി മലയോര ഹൈവേ യാഥാർഥ്യമാക്കുവാൻ നടപടി | പൊതുമരാമത്ത് വകുപ്പ് മന്ത്രി |
| 9. | ശ്രീ. പി. പി. സുമോദ് | തരൂർ നിയോജക മണ്ഡലത്തിലെ കഴനി - പഴമ്പാലക്കോട് റോഡ് നിർമ്മാണ പ്രവൃത്തി പുനരാരംഭിക്കാൻ നടപടി | പൊതുമരാമത്ത് വകുപ്പ് മന്ത്രി |
| 10. | ശ്രീ. കെ. പ്രേമൻ | നെന്മാറ – ഒലിപ്പാറ റോഡ് നവീകരണം അടിയന്തരമായി പൂർത്തീകരിക്കുന്നതിന് നടപടി | പൊതുമരാമത്ത് വകുപ്പ് മന്ത്രി |

The Ministers concerned made the statement regarding the respective issue.

*Papers laid on the table* :

The following papers were laid on the table.

As per Article 151 (2) of the Constitution

| Sl. No. | Institution | Report | | Delay Statement |
|---|---|---|---|---|
| | | Year | Name | |
| 1. | Comptroller and Auditor General of India | 2023-24 | Report of the Comptroller and Auditor General of India on State Revenues for the period | Not applicable |

| | | | | |
|---|---|---|---|---|
| | | | ended March 2024 (Compliance Audit-Civil) (Report No. 2 of 2026) | |
| 2. | Comptroller and Auditor General of India | 2024-25 | Report of the Comptroller and Auditor General of India on State Finances for the year 2024-25 (State Finances Audit) (Report No. 1 of 2026) | Not applicable |

*Financial Business*

The General discussion on the Revised Budget for the financial year 2026-27 resumed. The following Members took part in the discussion.

Shri Saneeshkumar Joseph

Shri Xavier Chittilappilly

Shri M. A. Razaq Master

Shri Muhammed Muhassin

Shri Apu John Joseph

Shri V. Muraleedharan

Shri Ullas Kovur

Shri T. K. Govindan Master

Shri T. O. Mohanan

Shri F. Raja

Shri Neelakandan

Shri C. K. Hareendran

Shri P. M. A. Sameer

Shri Cyriac Thomas

Shri Manoj Moothedan

Shri Reji Cherian

Shri A. Prabhakaran

Smt. Vidya Balakrishnan

Shri Sudheersha Palode

Shri Kallatra Mahin

Shri G. Steephen

Shri V. T. Sooraj

Shri K. M. Abhijith

Shri Shibu Theckumpuram

Shri Fyzal Babu

Shri Saji Cherian

Shri V. S. Joy

The discussion was inconclusive.

*Ruling by the Speaker :*

During the discussion on the Revised Budget on 22-6-2026 Deputy Speaker requested the permission for presenting Calling Attention and Submission. Speaker gave the following ruling in this matter.

"ഡെപ്യൂട്ടി സ്പീക്കർക്ക് ശ്രദ്ധ ക്ഷണിക്കൽ, സബ്മിഷൻ എന്നിവ അവതരിപ്പിക്കാൻ കീഴ്‌വഴക്കങ്ങളുടെ പേരിൽ അവസരം ലഭിക്കുന്നില്ലെന്നും അതനുവദിക്കണമെന്നും ഡെപ്യൂട്ടി സ്പീക്കർ ശ്രീമതി ഷാനിമോൾ ഉസ്മാൻ കഴിഞ്ഞ ദിവസം സഭയിൽ ബജറ്റ് ചർച്ച ആരംഭിച്ചുകൊണ്ട് പ്രസംഗിച്ചപ്പോൾ അഭ്യർത്ഥിച്ചിരുന്നു. സഭാനേതാവായ ബഹു. മുഖ്യമന്ത്രിയിൽനിന്നും പ്രസ്തുത അഭ്യർത്ഥനയ്ക്ക് അനുകൂലമായ പ്രതികരണമാണുണ്ടായത്. ഇതുസംബന്ധിച്ച് 1957 മുതലുള്ള കാര്യം ചെയർ പരിശോധിക്കുകയുണ്ടായി. 1957 മുതൽ 1991 വരെയുള്ള ഡെപ്യൂട്ടി സ്പീക്കർമാരിൽ 1957-59-ലെ ഡെപ്യൂട്ടി സ്പീക്കറായിരുന്ന കെ. ഒ. ഐഷാ ബായിയും 1986-87-ൽ ഡെപ്യൂട്ടി സ്പീക്കറായിരുന്ന കൊരമ്പയിൽ

അഹമ്മദ് ഹാജിയും ഒഴികെയുള്ള ഡെപ്യൂട്ടി സ്പീക്കർമാർക്ക് സഭയിൽ ശ്രദ്ധ ക്ഷണിക്കൽ, സബ്മിഷൻ എന്നിവ അവതരിപ്പിക്കാൻ അവസരം ലഭിച്ചിരുന്നു.

ഡെപ്യൂട്ടി സ്പീക്കറുടെ ശമ്പളവും അലവൻസുകളും മന്ത്രിമാരുടെ ശമ്പളത്തിന് തുല്യമാക്കിയതിനുശേഷമാണ് 1991 മുതലുള്ള ഡെപ്യൂട്ടി സ്പീക്കർമാർ ഈ അവകാശം വിനിയോഗിക്കാതെ വന്നത്. കാബിനറ്റ് റാങ്കിലുള്ള ചീഫ് വിപ്പ് നിലവിൽ ഈ അവകാശം ഉപയോഗിക്കുന്നുണ്ട്. ഈ സാഹചര്യത്തിൽ 1991 മുതൽ തുടർന്നുവരുന്ന കൺവെൻഷൻ മാറ്റി ഡെപ്യൂട്ടി സ്പീക്കർക്ക് സഭയിൽ ശ്രദ്ധ ക്ഷണിക്കൽ, സബ്മിഷൻ എന്നിവ അവതരിപ്പിക്കുന്നതിന് അനുവാദം നൽകാൻ ചെയർ തീരുമാനിക്കുന്നു. ഡെപ്യൂട്ടി സ്പീക്കർ അപ്രകാരമുള്ള നോട്ടീസ് നൽകുന്നപക്ഷം അതിന് മുൻഗണന നൽകുന്നതായിരിക്കും.”

The House adjourned at 2.58 p.m. to meet again at 9.00 a.m on Wednesday, June 24, 2026.

Shaji C. Baby,
*Secretary-in-Charge.*